**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3981** **17-03-2025 - ൽ മറുപടിയ്ക്ക്**

**കുഷ്ഠ രോഗം നിർമാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തു കുഷ്ഠ രോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിനു നടപ്പിലാക്കുന്ന അശ്വമേധം പദ്ധതിയുടെ വിശദ വിവരങ്ങൾ അറിയിക്കാമോ; | (എ) | കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും കേരള സർക്കാരിന്റെയും നിർദ്ദേശപ്രകാരം കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുക എന്ന ലക്ഷ്യത്തോടെ ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ (അശ്വമേധം) നടത്തി വരുന്നു. സമൂഹത്തിൽ ഒളിഞ്ഞു കിടക്കുന്ന കുഷ്ഠരോഗികളെ കണ്ടുപിടിക്കുന്നതിനുള്ള LCDC ക്യാമ്പയിൻ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും നടപ്പിലാക്കുകയുണ്ടായി. ഈ ക്യാമ്പയിന്റെ ഭാഗമായി ആശാപ്രവർത്തകർ അഥവാ ഒരു വനിതാ സന്നദ്ധ പ്രവർത്തകയും പരിശീലനം ലഭിച്ച ഒരു പുരുഷ സന്നദ്ധ പ്രവർത്തകനുമടങ്ങുന്ന ടീം അവരവർക്കു നിർദ്ദേശിച്ചിരിക്കുന്ന ഏരിയയിലെ എല്ലാ വീടുകളും ക്യാമ്പയിൻ കാലയളവിൽ (14 ദിവസം) സന്ദർശിച്ച് കുഷ്ഠരോഗത്തിനു സമാനമായ ലക്ഷണമുള്ള ആളുകളെ കണ്ടുപിടിച്ച് അവരെ രോഗനിർണ്ണയത്തിനായി സമീപത്തുള്ള ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുന്നു. ഇത്തരത്തിലുള്ള 5 ടീമുകളുടെ സൂപ്പർവിഷൻ ചുമതല ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിനായിരിക്കും. ഗൃഹപരിശോധനയിലൂടെ കണ്ടെത്തി റഫർ ചെയ്ത രോഗികളുടെ രോഗനിർണ്ണയവും തുടർ ചികിത്സയും സൂപ്പർവൈസർമാർ ഉറപ്പ് വരുത്തുന്നു. 2024-25-ൽ നടത്തിയ അശ്വമേധം ക്യാമ്പയിനിൽ കണ്ടെത്തിയ 46 കുഷ്ഠരോഗികൾക്ക് ചികിത്സ നൽകി തുടങ്ങിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തു നിലവിൽ എത്ര കുഷ്ഠ രോഗികളുണ്ടെന്ന് ജില്ലതിരിച്ച അറിയിക്കാമോ; ഇവർക്ക് പ്രത്യേക ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം അറിയിക്കാമോ? | (ബി) | സംസ്ഥാനത്ത് നിലവിൽ 333 കുഷ്ഠരോഗികൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | PB | MB | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 3 | 36 | 39 |
| കൊല്ലം | 3 | 9 | 12 |
| പത്തനംതിട്ട | 0 | 7 | 7 |
| ആലപ്പുഴ | 3 | 7 | 10 |

| | | | |
|---|---|---|---|
| കോട്ടയം | 2 | 14 | 16 |
| ഇടുക്കി | 0 | 8 | 8 |
| എറണാകുളം | 4 | 27 | 31 |
| തൃശ്ശൂർ | 2 | 23 | 25 |
| പാലക്കാട് | 14 | 54 | 68 |
| മലപ്പുറം | 13 | 21 | 34 |
| കോഴിക്കോട് | 1 | 32 | 33 |
| വയനാട് | 1 | 5 | 6 |
| കണ്ണൂർ | 2 | 27 | 29 |
| കാസർഗോഡ് | 4 | 11 | 15 |
| **ആകെ** | **52** | **281** | **333** |

ഈ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ചികിത്സ പൂർണ്ണമായും സൗജന്യമാണ്. തീവ്രത കുറഞ്ഞ രോഗികൾക്ക് എല്ലാ സർക്കാർ ആശുപത്രികളിലും പ്രത്യേക പരിഗണന ഒ. പി യിൽ നൽകി വരുന്നു. കൂടുതൽ പരിഗണന കിട്ടേണ്ടവർക്കായി ത്വക്ക് രോഗ വിഭാഗങ്ങൾ പ്രവർത്തിക്കുന്ന ആശുപത്രികളിൽ കിടത്തി ചികിത്സ സൗജന്യമായിത്തന്നെ നൽകി വരുന്നു. ആവശ്യമായ രോഗികൾക്ക് പാദസംരക്ഷണത്തിനായി എം.സി.ആർ. ചെരുപ്പുകൾ, സെൽഫ് കെയർ കിറ്റുകൾ എന്നിവ പ്ലാൻ ഫണ്ടിൽ നിന്നും, എൻ.എച്ച്.എം ഫണ്ടിൽ നിന്നും നൽകി വരുന്നു. തൊലിപ്പുറത്തുണ്ടാകുന്ന മുറിവുകൾ ഗുരുതരമാകാതിരിക്കുന്നതിനു വേണ്ടി പ്രതിരോധ മരുന്നുകൾ പ്ലാൻ ഫണ്ടിൽ നിന്നുമുള്ള തുക വിനിയോഗിച്ച് നൽകി വരുന്നു. അംഗവൈകല്യം സംഭവിച്ചവർക്ക് പുനരുജ്ജീവനത്തിനായി റീകൺസ്ട്രക്റ്റീവ് സർജറി ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ